പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.* 244

13/03/2020-ൽ മറുപടിയ്ക്ക്

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പുരോഗതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.കെ. ഹരീന്ദ്രൻ**<br>**ശ്രീ. റ്റി.വി.രാജേഷ്**<br>**ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. ആന്റണി ജോൺ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതോടൊപ്പം അദ്ധ്യാപന രംഗത്ത് ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം അദ്ധ്യാപന രംഗത്ത് ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.<br>1) 4752 സെക്കന്ററി, ഹയർസെക്കന്ററി സ്കൂളുകളിലെ ഐ.ടി സൗകര്യങ്ങൾ മെച്ചപ്പെടുത്തി ബോധന പ്രക്രിയയിൽ ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ പരിശീലനങ്ങളും അധ്യാപകർക്ക് നല്കി. കൂടാതെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ തയ്യാറാക്കുന്നതിനും അവ ക്ലാസ്മുറികളിൽ പ്രവർത്തനാധിഷ്ഠിതമായി പ്രയോഗിക്കുന്നതിനുമാവശ്യമായ പരിശീലനങ്ങൾ എല്ലാ ഹൈസ്കൂൾ-ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി അധ്യാപകർക്കും നൽകിക്കഴിഞ്ഞു.<br>2) പഠനം വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാക്കുന്നതിന് 'സമഗ്ര' എന്ന പ്രത്യേക വെബ് പോർട്ടൽ വികസിപ്പിച്ച് ഡിജിറ്റൽ വിഭാഗങ്ങൾ 'അപലോഡ് ചെയ്തിട്ടുണ്ട്. കൂടാതെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ കോഡ് |

ഉൾച്ചേർത്ത് പാഠഭാഗങ്ങളെ ഡിജിറ്റൽ വിഭവങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇത് സ്വയം പഠനത്തേയും പ്രോത്സാഹിപ്പിക്കുന്നു.

3) അദ്ധ്യാപന രംഗത്ത് ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP), ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP), എന്നിങ്ങനെ സംഘടിപ്പിച്ചു വരുന്നുണ്ട്. എൽ.പി/യു.പി, ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും, വൊക്കേഷണൽ ഹയർ സെക്കന്ററി കരിയർ മാസ്റ്റർമാർക്കുമാണ് സി.ഇ.പി പരിശീലനപരിപാടി പ്രധാനമായും നൽകുന്നത്. വിദ്യാഭ്യാസ ഓഫീസർമാർ, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങൾ എന്നിവർക്കാണ് എൽ.ഇ.പി പരീശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.

4) ഡയറ്റ് ഫാക്കൽറ്റികൾക്കായി ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം (FDP) സംഘടിപ്പിച്ചു വരുന്നു. വിവിധ വിഭാഗത്തിൽപെട്ട എല്ലാ ഡയറ്റ് ഫാക്കൽറ്റികൾക്കും പ്രത്യേകം ബാച്ചുകളായി, വ്യത്യസ്ത മൊഡ്യൂളുകൾ ഉപയോഗിച്ചാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

5) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാനുകൾ, പ്രവർത്തന പദ്ധതികൾ എന്നിവ അടിസ്ഥാനപ്പെടുത്തി ഇതിനനുസൃതമായി അധ്യാപക പരിശീലന പരിപാടികളും നടത്തി വരുന്നു.

| | | | |
|---|---|---|---|
| (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ഘടകമായ, വികസിത രാജ്യങ്ങളിലെ വിദ്യാർത്ഥികൾക്ക് സമമായ ശേഷി ആർജ്ജിക്കാൻ സംസ്ഥാനത്തെ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുള്ള നവീകരണ പരിവർത്തന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വികസിത രാജ്യങ്ങളിലെ സമപ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും ശേഷികളും സംസ്ഥാനത്തെ വിദ്യാർത്ഥികളും നേടണം എന്ന് ഉറപ്പാക്കാനാണ്. ഇതിനായി വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം പഠനബോധന നിലവാരം ഉയർത്തുന്നതിനാവശ്യമായ കർമ്മ പരിപാടികളും |

സമയബന്ധിതമായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. വിദ്യാലയങ്ങൾ സാങ്കേതിക വിദ്യാ സൗഹൃദമാക്കി.

2. വായനയെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ക്ലാസ് ലൈബ്രറി സാർവ്വത്രികമാക്കി.

3. അധ്യാപക പരിശീലനം മെച്ചപ്പെടുത്തി.

4. ഓരോ കുട്ടിയെയും തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഒരു പുതിയ മെന്ററിംഗ് പദ്ധതി 'സഹിതം' ആവിഷ്കരിച്ചു.

5. അധ്യാപകർക്ക് ആവശ്യമായി വരുന്ന കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നൽകി.

6. വിദ്യാലയങ്ങളിൽ പുതിയ പഠന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

(സി) വിദ്യാലയങ്ങൾ സാങ്കേതികവിദ്യാ സൗഹൃദമായിക്കഴിഞ്ഞ സ്ഥിതിക്ക് പഠനവിഭവങ്ങൾ തദനുസൃതം ആസൂത്രണം ചെയ്യാൻ നടപടിയെടുത്തിട്ടുണ്ടോ; കാലാനുസൃതമായ സിലബസ് പരിഷ്കരണത്തിന് നടപടിയെടുക്കുമോ എന്ന് അറിയിക്കാമോ?

(സി) ഉണ്ട്. കാലാനുസൃതമായ സിലബസ് പരിഷ്കരണത്തിനായി ഗവേഷണ പരിപാടികളും വിശദമായ ചർച്ചകളും എസ്.ഇ.ആർ.റ്റി യുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്.

Namitha. P

**സെക്ഷൻ ഓഫീസർ**